# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.483

### 28-02-2017 ൽ മറുപടിക്ക്

**മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശം**

| ചോദ്യം<br>ശ്രീ.ആർ. രാജേഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ മാവേലിക്കര മണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, ആരോഗ്യം, ടൂറിസം തുടങ്ങി വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ച പദ്ധതി നിർദ്ദേശങ്ങളിൽ നിന്നും 08.08.2016 ലെ സ.ഉ. (കൈ) നം. 315/2016/ധന. ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം യോഗ്യമായവയെ കിഫ് ആക്റ്റിലെയും, സ്കീമിലെയും വ്യവസ്ഥകൾക്ക് വിധേയമായി സൂക്ഷ്മ പരിശോധന നടത്തി കിഫ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്ന നടപടിയാണ് സ്വീകരിച്ചു വരുന്നത്. തുടർന്ന് കിഫ് ബോർഡിന്റെ അംഗീകാരം നൽകുന്ന പദ്ധതിക്ക് കിഫ്ബി |

| | |
|---|---|
| | ധനസഹായം നൽകുന്നു. ബോർഡ് ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ ലിസ്റ്റ് കിഫ്ബിയുടെ വെബ് സൈറ്റിൽ ലഭ്യമാണ്. |
| (ബി) മാവേലിക്കര മണ്ഡലത്തിൽ 2016-17 വർഷക്കാലത്തെ ബജറ്റിൽ ഉൾപ്പെടുത്തിയ വേട്ടമുക്ക് - താമരക്കുളം റോഡ് അടിയന്തരമായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | മാവേലിക്കര മണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ള വേട്ടമുക്ക് - താമരക്കുളം റോഡ് 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിച്ചിട്ടുള്ളതാണ്. പ്രസ്തുത റോഡ് പദ്ധതിയുടെ വിശദാംശങ്ങൾ കിഫ്ബി വെബ് സൈറ്റിൽ ഭരണ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ 23.11.2016 ലെ സ.ഉ. (സാധാ) 1619/2016/പൊ.മ.വ ഉത്തരവ് പ്രകാരം കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന എല്ലാ പൊതു മരാമത്ത് പ്രവൃത്തികൾക്കും ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് തയ്യാറാക്കിയിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വേട്ടമുക്ക് - താമരക്കുളം റോഡ് പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് നാളിതു വരെ പൂർത്തിയായിട്ടില്ല. ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ്സ് പൂർത്തിയാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി കിഫ് ബോർഡിന്റെ പരിഗണനയ്ക്കായി സമർപ്പിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**